10 Rs. COURT FEE १० रु.
भारत INDIA
दस रुपये
TEN RUPEES

സ്വീകർത്താവ്
പൊതു വിവരാവകാശ ഓഫീസർ

ജില്ലാ പ്രൊബേഷൻ ഓഫീസ് 06/01/18
ഓഫീസർ, തൃശ്ശൂർ, അയ്യന്തോൾ മിനിസിവിൽ സ്റ്റേഷൻ
ചെമ്പൂക്കാവ്

1 അപേക്ഷകന്റെ മുഴുവൻ പേര് : ശിജ രഞ്ജിത്ത്
2 മേൽ വിലാസം : കാട്ടിപറമ്പിൽ വീട്
പൊന്നൂക്കര. പി.ഒ
തൃശ്ശൂർ - 680306

A 14/2/2018

സർ,

വിഷയം - 2005-ലെ വിവരാവകാശ നിയമം പ്രകാരം ബോധിപ്പിക്കുന്ന അപേക്ഷ

അങ്ങയുടെ വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിൽ വരുന്ന വിവിധ ഓഫീസുകളിൽ നിന്നും വിവരങ്ങൾ പ്രത്യേകം വേർതിരിച്ചു നൽകണമെന്ന് അപേക്ഷിക്കുന്നു.

1. അങ്ങയുടെ വകുപ്പിന് കീഴിൽ തൃശ്ശൂർ ജില്ലയിലെ വിവിധ ഓഫീസുകളിലെ ലോവർ ഡിവിഷൻ ക്ലാർക്ക് / സമാന തസ്തികയുടെ അനുവദനീയ എണ്ണം ലഭ്യമാക്കാമോ
2. മേൽ പറഞ്ഞ അനുവദനീയ ലോവർ ഡിവിഷൻ ക്ലാർക്ക് / സമാന തസ്തികയിൽ നിലവിൽ ജോലി ചെയ്യുന്നവരുടെ എണ്ണം, ഒഴിവുകളുടെ എണ്ണം എന്നതിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചു ലഭ്യമാക്കാമോ
3. ചോദ്യം നം.2 അനുസരിച്ചു നിലവിൽ ഒഴിവുകൾ ഉണ്ടായിട്ടുണ്ടെങ്കിൽ; അവ പി.എസ്.സി ക്കു റിപ്പോർട്ട് ചെയ്തിട്ടുള്ളത് ഒഴിവുകളുടെ എണ്ണം, തിയതി, ഫയൽ നം. എന്നതിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചു ലഭ്യമാക്കാമോ, ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ
4. മേൽ പറഞ്ഞ ഒഴിവുകളിൽ പി.എസ്.സി യിൽ നിന്നും നിയമന നിർദ്ദേശം വന്നിട്ട് അങ്ങയുടെ വകുപ്പിൽ നിന്നും അപ്പോയ്ന്റ്മെന്റ് ഓർഡർ അയച്ചു 15 ദിവസം കഴിഞ്ഞിട്ടും ജോലിക്കു ഹാജാരാകാത്തവരുടെ പേര്, അപ്പോയ്ന്റ്മെന്റ് ഓർഡർ നം., തിയതി എന്നതിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചു ലഭ്യമാക്കാമോ
5. നിലവിൽ ലോവർ ഡിവിഷൻ ക്ലാർക്ക് / സമാന തസ്തികയിൽ ഒഴിവുകൾ ഏതെങ്കിലും പ്രത്യേക വിഭാഗത്തിന് കൊടുക്കാൻ വേണ്ടി മാറ്റി വച്ചിട്ടുണ്ടെങ്കിൽ അവയുടെ എണ്ണം, വിഭാഗം എന്നതിന്റെ അടിസ്ഥാനത്തിൽ ഉത്തരവിന്റെ പകർപ്പ് സഹിതം ലഭ്യമാക്കാമോ
6. അങ്ങയുടെ വകുപ്പിൽ ലോവർ ഡിവിഷൻ ക്ലാർക്ക് / സമാന തസ്തികയിൽ 6 മാസത്തിൽ കൂടുതൽ അവധി എടുത്തിട്ടുള്ളവരുണ്ടെങ്കിൽ അവരുടെ പേര്, അവധി തുടങ്ങിയ തിയതി, ജോലി ചെയ്തിരുന്ന ഓഫീസ് എന്നതിന്റെ അടിസ്ഥാനത്തിൽ തരം തിരിച്ചു ലഭ്യമാക്കാമോ
7. P&ARD വകുപ്പിന്റെ 16/08/2017-ലെ ഉത്തരവ് No.Adv.C3/304/17/P&ARD പ്രകാരം പ്രതീക്ഷിത ഒഴിവുകൾ റിപ്പോർട്ട് ചെയ്യണമെന്ന സർക്കാർ ഉത്തരവ് പാലിച്ചിട്ടുണ്ടോ
   a. ഉണ്ടെങ്കിൽ അത് റിപ്പോർട്ട് ചെയ്തിരിക്കുന്നതിന്റെ പകർപ്പ് നൽകാമോ
   b. ഇല്ലെങ്കിൽ എത്ര പ്രതീക്ഷിത ഒഴിവുകൾ ഉണ്ട്
   c. റിപ്പോർട്ട് ചെയ്തില്ലെങ്കിൽ കാരണം വ്യക്തമാക്കാമോ

സൂചന 1. വിവരാവകാശ നിയമം 2005 പ്രകാരം വിവരങ്ങൾ നൽകുന്നതിന് അധിക ഫീസ് ആവശ്യമുള്ള പക്ഷം നിയമപ്രകാരം 7(3a) പ്രകാരം നൽകുന്നതാണ്

2. അങ്ങയുടെ ഓഫീസിൽ ലഭ്യമല്ലാത്ത വിവരങ്ങൾ അങ്ങ് നേരിട്ട് കത്ത് പ്രസ്തുത ഓഫീസിനു കൈമാറി വിവരാവകാശ നിയമത്തിലെ ചട്ടം അനുസരിച്ചു വിവരങ്ങൾ ലഭ്യമാക്കണമെന്നും, അപ്പീൽ അധികാരിയുടെ മേൽവിലാസം സഹിതം എത്രയും പെട്ടന്ന് വിവരങ്ങൾ ലഭ്യമാക്കണമെന്നും അപേക്ഷിക്കുന്നു.

സ്ഥലം : തൃശ്ശൂർ
തിയതി: 22/12/17

Sreeja Kumar
അപേക്ഷകന്റെ ഒപ്പ്